പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 616 09.07.2013-ൽ മറുപടിയ്ക്ക്

## സോളാർ തട്ടിപ്പിനിരയായവരുടെ പരാതികളിന്മേൽ സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സോളാർ തട്ടിപ്പിനിരയായവരുടെ പരാതികളിന്മേൻ ഫലപ്രദമായി നടപടി സ്വീകരിക്കാൻ സാദ്ധ്യമായിട്ടുണ്ടോ; | (എ) സോളാർ തട്ടിപ്പിനിരയായവരുടെ പരാതികളിന്മേൽ ക്രൈംകേസുകൾ രജിസ്റ്റർ ചെയ്ത് ഫലപ്രദമായ രീതിയിൽ അന്വേഷിച്ച് വരുന്നുണ്ട്. |
| (ബി) തട്ടിപ്പിനിരയായിട്ടുള്ള നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; തട്ടിപ്പിനിരയായിട്ടുള്ള എത്ര പേർ പരാതി നല്കിയിട്ടുണ്ട്; എല്ലാ പരാതികളിലും കൂടി എത്ര തുകയുടെ തട്ടിപ്പാണ് ഉന്നയിച്ചിരിക്കുന്നത്; പരാതി ഉന്നയിക്കാത്തവരും ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സോളാർ തട്ടിപ്പ് സംബന്ധിച്ചുള്ള കേസുകൾ അന്വേഷണാവസ്ഥയിൽ ആകയാൽ നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക ലഭ്യമാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. കേസുകളുടെ അന്വേഷണം പൂർത്തിയായെങ്കിൽ മാത്രമേ തുകകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകുവാൻ കഴിയുകയുള്ളൂ. തട്ടിപ്പിനിരയായി പരാതി നൽകിയവരെ കുറിച്ചും തട്ടിപ്പ് നടത്തപ്പെട്ട തുകയെകുറിച്ചുമുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. പരാതി ഉന്നയിക്കാത്തവർ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) തട്ടിയെടുക്കപ്പെട്ട പണം എവിടെയെന്ന് കണ്ടെത്താൻ സാധ്യമായിട്ടുണ്ടോ;<br>(ഡി) അന്വേഷണ സംഘം കണ്ടെത്തിയ പണം എത്രയാണ്; അവ മരവിപ്പിച്ച് നിർത്താൻ സാധ്യമായിട്ടുണ്ടോ? | (സി) & (ഡി) സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**